പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 625 — 10.06.2014-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.റ്റി.എൻ.പ്രതാപൻ
ശ്രീ.സി.പി.മുഹമ്മദ്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്ര സാരഥി എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | ബി) | പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്കു തങ്ങളുടെ വീട്ടിൽ നിന്നും ദിവസവും പോയി വരാനാകുന്ന വിധം പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ, പഠിക്കുവാനാകാത്ത സാഹചര്യം ഒഴിവാക്കി പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഓട്ടോറിക്ഷ, ജീപ്പ്, മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവ സങ്കേതങ്ങളിൽ വന്ന് കുട്ടികളെ സ്കൂളിൽ |

| | | | |
|---|---|---|---|
| | | | കൊണ്ടു പോകുന്നതിനും തിരികെ സ്കൂളിൽ നിന്നും വിദ്യാർത്ഥികളെ വീട്ടിലെത്തിക്കുന്നതിനും സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് ഈ പദ്ധതി പ്രകാരം തുക അനുവദിയ്ക്കുന്നു. ഇതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിന് സാധിക്കുന്നുണ്ട്. |
| സി) | പദ്ധതി രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | സി) | 2013-14-ലാണ് പദ്ധതി ആരംഭിച്ചത്. ബഡ്ജറ്റ് വിഹിതമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് യഥാസമയം തുക അനുവദിച്ചിരുന്നു. 2014-15 സാമ്പത്തികവർഷം ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അർഹമായ സ്കൂളുകളുടെയും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും വിവരം ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാതല ആഫീസർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ